**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 620 — 29.7.2015-ലെ മറുപടിക്ക്

**വിചാരണ തടവുകാർക്കായി ജില്ലാതല സമിതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിചാരണ തടവുകാർക്കായി ജില്ലാതല സമിതികളെ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; | (എ) പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) ജുഡീഷ്യൽ കസ്റ്റഡിയിൽ ജയിലുകളിൽ കഴിയുന്ന വിചാരണ തടവുകാരുടെ കേസുകൾ പരിശോധിക്കുന്നതിനും നിരപരാധികളായി കാണുന്നവരുടെ മോചനം സാധ്യമാക്കുന്നതിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും നിരപരാധികൾക്കെതിരെ കേസെടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് ജില്ലാതല സമിതികളെ പുന:സംഘടിപ്പിച്ചിട്ടുള്ളത്. |
| സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) 27.09.2014-ലെ ജി.ഒ.(എം.എസ്.) നം. 191/2014/ആഭ്യന്തരം പ്രകാരം ജില്ലാതല സമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ